"ഭരണഭാഷ – മാതൃഭാഷ"

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് തിരുവനന്തപുരം

നമ്പർ / സി1/ 18395 /ടി സി/2000

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി 18.05.2017

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം : ***മോട്ടോർ വാഹന വകുപ്പ്*** – ട്രാൻസ്പോർട്ട് വാഹനങ്ങളിൽ വേഗപ്പൂട്ട് ഘടിപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന :
1. ഈ ഓഫീസിലെ 22-04-2017 -ാം തീയതിയിലെ ഇതേ നമ്പർ കത്ത്
2. ഈ വിഷയത്തിൽ ഇതിനു മുമ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ
3. ബഹു. സുപ്രീം കോടതി കമ്മറ്റിയുടെ 11-04-2017 ലെ എഫ് 15/2016/CoRs നമ്പർ നിർദ്ദേശങ്ങൾ

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ട്രാൻസ്പോർട്ട് വാഹനങ്ങളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയ കേന്ദ്ര-സംസ്ഥാന ഉത്തരവുകൾക്ക് ശേഷവും റോഡ് സുരക്ഷയെക്കുറിച്ചുള്ള സുപ്രീം കോടതിക്കു മുന്നിൽ ഈ വിഷയത്തിൽ ധാരാളം പരാതികൾ എത്തുന്നുവെന്നും പല സ്പീഡ് ഗവർണറുകളും ശരിയായ രീതിയിലല്ല ഘടിപ്പിച്ചിരിക്കുന്നതെന്നും, കൂടാതെ ചില വാഹനങ്ങളിലെ സ്പീഡ് ഗവർണറുകൾ പ്രവർത്തനക്ഷമമല്ലായെന്നും സൂചിപ്പിച്ചുകൊണ്ട് കമ്മറ്റി സംസ്ഥാന സർക്കാരുകൾക്ക് നൽകിയ നിർദ്ദേശങ്ങൾ സൂചന ഒന്ന് പ്രകാരം എല്ലാ ഓഫീസുകളേയും അറിയിച്ചിരുന്നു.

സാമൂഹിക സുരക്ഷയുമായി ബന്ധപ്പെട്ട മേൽ വിഷയത്തിൽ ബഹുമാനപ്പെട്ട കമ്മറ്റിയുടെ ഉത്തരവുകളനുസരിച്ച് താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു. ഇവ കർശനമായിത്തന്നെ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

(i) 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 126 പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഏജൻസികൾ പരിശോധിച്ച് അംഗീകാരം നൽകിയിട്ടുള്ളവയായിരിക്കണം ഘടിപ്പിക്കുന്ന ഉപകരണം.

(ii) ഘടിപ്പിച്ചിരിക്കുന്ന ഉപകരണം മേൽ വാഹനത്തിന് അനുയോജ്യമാണെന്നുള്ള രേഖകൾ ഉള്ളവയായിരിക്കണം.

(iii) സ്പീഡ് ഗവർണർ നിർമ്മാതാക്കൾ താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ അനുസരിച്ചിരിക്കേണ്ടതാണ്.

(a) ഓരോ വാഹനത്തിലും ഘടിപ്പിക്കപ്പെടുന്ന സ്പീഡ് ഗവർണർ സംവിധാനത്തിനും തനതായ ഐഡന്റിഫിക്കേഷൻ നമ്പർ (Unique Identification Number) ഉണ്ടായിരിക്കേണ്ടതാണ്.

(b) മേൽ നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, ചേസിസ് നമ്പർ, എഞ്ചിൻ നമ്പർ എന്നിവയോടൊപ്പം 'വാഹൻ' സംവിധാനത്തിലേക്ക് നൽകേണ്ടതാണ്.

(c) ഘടിപ്പിച്ചിരിക്കുന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ സ്പീഡ് ഗവർണറിൽ മുദ്രണം ചെയ്ത് നൽകേണ്ടതാണ്.-ഒരേ ഉപകരണം വിവിധ വാഹനങ്ങളിൽ ഉപയോഗിക്കുന്നത് തടയുന്നതിനായി —

(d) സ്പീഡ് ഗവർണർ ഘടിപ്പിക്കുമ്പോൾ തന്നെ അവ സീൽ ചെയ്ത് നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ ലംഘിക്കുന്ന സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കുവാനുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സ്പീഡ് ഗവർണറിൽ കൃത്രിമം കാണിക്കുന്ന വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് റദ്ദാക്കേണ്ടതുമാണ്.

അമിത വേഗത അപകടങ്ങളുടെ മുഖ്യകാരണങ്ങളിൽ ഒന്നായതിനാൽ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് എല്ലാ ആർ.ടി.ഒ. മാരും ജോയിന്റ് ആർ.ടി.ഒ. മാരും ഉറപ്പു വരുത്തേണ്ടതാണ്.

1-4-2017 മുതൽ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസിനു വന്ന വാഹനങ്ങൾ എത്രയെന്നും മേൽ നിർദ്ദേശങ്ങൾ പാലിക്കാത്തവയായി എത്ര വാഹനങ്ങൾ ഉണ്ടായിരുന്നുവെന്നും ഉള്ള റിപ്പോർട്ട് ഓരോ മൂന്നു മാസവും കൂടുമ്പോൾ മേഖലാ തലത്തിൽ ക്രോഡീകരിച്ച് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

20/5/2017

സീനിയർ സൂപ്രണ്ട്

2015

പിഎസ്